**യൂണിവേഴ്സിററി ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർ റിസർച്ച് ആൻറ് ഡവലപ്പ്മെൻറ് സ്കീം**

കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

മണ്ണുത്തി, മണ്ണുത്തി പി.ഒ, തൃശൂർ, കേരള, ഇൻഡ്യ-680 651

ഫോൺ : 0487-2370302 ഇമെയിൽ:ulfmty@kvasu.ac.in

---

നമ്പർ. യു.എൽ.എഫ്./എം.ടി.വൈ/ജി/468/2024          മണ്ണുത്തി, തീയതി 30/07/2024

## പുനർ ക്വട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ മണ്ണുത്തി ക്യാമ്പസ്സിന്റെ വിവിധ ഭാഗങ്ങളിൽ കെട്ടിടങ്ങളുടെയും, വൈദ്യുതി ലൈനുകളുടെയും മുകളിലേയ്ക്കും, റോഡിലേയ്ക്കും, ആപൽക്കരമായി പടർന്നു പന്തലിച്ചു നിൽക്കുന്ന മരങ്ങളുടെ കൊമ്പുകൾ കടുംവെട്ട് മാതൃകയിൽ വെട്ടി ശാഖകൾ, സീനിയർ ഫാം സൂപ്പർവൈസർ, ഫോഡർ സെക്ഷൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് ഇടുന്നതിന് അടുത്ത ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ ഏർപ്പാടാക്കി തരുന്നതിന് സന്നദ്ധരായ ആളുകളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. **ക്വട്ടേഷനിൽ ശാഖകൾ മുറിക്കാൻ മരത്തിൽ കയറുന്നവർക്കും, സഹായികൾക്കും പ്രത്യേകം പ്രത്യേകം തുക കാണിച്ചിരിക്കണം(ദിവസക്കൂലി).** തൊഴിലാളികൾ പണിയായുധങ്ങൾ കൊണ്ടുവരേണ്ടതാണ്. പണിസ്ഥലങ്ങളിൽ യൂണിവേഴ്സിറ്റിക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് കോൺട്രാക്ടർ ഉത്തരവാദിയായിരിക്കും. പണിസ്ഥലങ്ങളിൽ വച്ച് തൊഴിലാളികൾക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് യൂണിവേഴ്സിറ്റി ഉത്തരവാദിയായിരിക്കുന്നതല്ല.

ഫോഡർ ഫാമിലെ ഫാം സൂപ്പർവൈസറുടെ നിർദ്ദേശപ്രകാരം കാലത്ത് 8 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്തിനുള്ളിൽ ആകെ 8 മണിക്കൂർ ജോലി ചെയ്യാൻ തൊഴിലാളികൾ തയ്യാറായിരിക്കണം. കരാർ തൊഴിലാളികളും ഫാം മേധാവിയും നേരിട്ടുള്ള യാതൊരു ഇടപാടുകളും ഉണ്ടായിരിക്കുന്നതല്ല. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ യൂണിവേഴ്സിറ്റി ജീവനക്കാരുടെ കുടുംബാംഗങ്ങളോ ബന്ധുക്കളോ ആയിരിക്കരുത്.

**ക്വട്ടേഷനുകൾ 2000/- രൂപ നിരതദ്രവ്യത്തോടൊപ്പം ഈ ഓഫീസിൽ 05/08/2024 കാലത്ത് 11 മണിയ്ക്ക് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.** അന്നേദിവസം **കാലത്ത്** 11.30 **ന്** ക്വട്ടേഷനുകൾ തുറക്കുന്നതും സ്ഥാപന മേധാവിയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്ത ആൾക്ക് ഉറപ്പിച്ച് കൊടുക്കുന്നതുമാണ്. 200 രൂപ വിലയുള്ള മുദ്രപ്പത്രത്തിൽ ഒരു വർഷത്തേക്ക് കരാറെഴുതി സമർപ്പിച്ചതിനുശേഷം മാത്രമേ മരത്തിന്റെ ശാഖകൾ മുറിക്കാൻ അനുവദിക്കുകയുള്ളു. നിയമാനുസൃതമായി പിടിക്കേണ്ട ആദായ നികുതി ഈടാക്കിയശേഷം മാത്രമേ പ്രതിഫലതുക നൽകുകയുള്ളൂ. ഇതിനായി പാൻകാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം 20% നികുതി ഈടാക്കുന്നതാണ്. മറ്റു സർക്കാർ ലേലങ്ങൾക്കും ക്വട്ടേഷനുകൾക്കും ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

ഒപ്പ്

**ഫാം മേധാവി(i/c)**

സ്വീകർത്താവ് : നോട്ടീസ് ബോർഡുകൾ

പകർപ്പ് : വില്ലേജ് ഓഫീസ് ഒല്ലൂക്കര/തൃശ്ശൂർ കോർപ്പറേഷൻ സോണൽ ഓഫീസ്, ഒല്ലൂക്കര

എസ്.എഫ്.എസ്/എഫ്.എസ്/ഫയൽ/മിച്ചം

**//അംഗീകാരത്തോടെ അയക്കുന്നത്//**

**സെക്ഷൻ ഓഫീസർ**